II.ഇ.ബി. XII-കേരള നിയമസഭ/XI-6

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂൺ 29, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

18 (*151) മൈത്രി ഭവനപദ്ധതിക്കുള്ള പലിശ സബ്സിഡി

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, 16-10-1996-ലെ സർക്കാർ ഉത്തരവുപ്രകാരം മൈത്രി ഭവന പദ്ധതിയുടെ ഗുണഭോക്താവിനുള്ള പലിശ സബ്സിഡി നൽകിവരുന്നുണ്ടെന്നും 31-03-2009 വരെ 299.53 കോടി രൂപ ബോർഡ് നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഈ ഉത്തരവുപ്രകാരം ഭവന നിർമ്മാണ ബോർഡ് അനുവദിച്ചു നൽകിയ പലിശ സബ്സിഡി സർക്കാർ ബോർഡിനു നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പലിശ സബ്സിഡിയായി ഇതുവരെ 43 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മൈത്രി പദ്ധതി പ്രകാരം 264,951 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാം കേരള സർക്കാരിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് 35,000 രൂപവരെ വായ്പ എടുത്തിട്ടുള്ള

ബി.പി.എൽ. ഗുണഭോക്താക്കൾക്ക് പലിശയുടെ പകുതി ഒഴിവാക്കി ബാക്കിതുക അടച്ചുകൊണ്ടുള്ള വായ്പാതിരിച്ചടവിനും 35,000 രൂപ വായ്പയെടുത്ത ബി.പി.എൽ. കുടുംബത്തിലെ ഗുണഭോക്താവ് മരിക്കുകയോ കുടുംബത്തിൽ ആർക്കെങ്കിലും ക്യാൻസർ രോഗം പിടിപെടുകയോ 50 ശതമാനം അംഗവൈകല്യം സംഭവിക്കുകയോ അപകടത്തിൽപ്പെട്ട് മാരകമായി പരിക്കേൽക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം കുടുംബങ്ങൾക്ക് പലിശ ഒഴിവാക്കി മുതൽ മാത്രം അടച്ചുകൊണ്ടുള്ള വായ്പാതിരിച്ചടവിനും നിർദ്ദേശം നൽകിക്കൊണ്ട് 2007-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് മൈത്രി ഭവനപദ്ധതിക്കും ബാധകമാണ്. 1977-നും 1997-നും ഇടയ്ക്ക് വായ്പയെടുത്ത 41,500-ൽപ്പരം ദുർബല വിഭാഗക്കാരുടെ 183 കോടി രൂപയുടെ വായ്പ എഴുതിത്തള്ളുന്ന പദ്ധതിയിൽ മൈത്രി പദ്ധതി പൂർണ്ണമായി ഉൾപ്പെടുന്നില്ലെങ്കിലും മൈത്രി പദ്ധതിയിലെ ഏറ്റവും പാവപ്പെട്ടവരുടെ കാര്യം സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കകത്തു നിന്നുകൊണ്ട് പരിഗണിക്കുന്നതാണ്. ഇതിനുവേണ്ടി ഹഡ്കോയേയും കേന്ദ്രഗവൺമെന്റിനേയും സർക്കാർ സമീപിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 255 കോടി രൂപ ഹഡ്കോയുടെ വായ്പാബാധ്യത തീർക്കുന്നതിനായി അടച്ചുകഴിഞ്ഞതിനാൽ ഇനിയും ഹഡ്കോ വായ്പ തരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ദുർബല വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇ.എം.എസ്. സമ്പൂർണ്ണ വായ്പാ പദ്ധതിയും എം.എൻ. ലക്ഷംവീട് പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് സഭയെ മന്ത്രി അറിയിച്ചു.

19 (* 152) ജലഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ സ്റ്റീൽ ബോട്ടുകളും ഫൈബർ ബോട്ടുകളും സർവ്വീസിന് നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ബോട്ടുകളുടെ റിപ്പയർ ജോലികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനായി തേവരയിലുള്ള ഡോക്ക് യാർഡിൽ സ്റ്റീൽ ബോട്ടുകൾ അടക്കമുള്ള ബോട്ടുകൾ കരയ്ക്കു കയറ്റി റിപ്പയർ ജോലികൾ ചെയ്യാവുന്നതരത്തിൽ നവീകരിച്ചിട്ടുണ്ട്. ആലപ്പുഴ ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന സ്ലിപ്‌വേ നവീകരിക്കുകയും ഇലക്ട്രിക് വിഞ്ച് സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതിനാൽ ബോട്ടുകൾ വേഗത്തിൽ കരയ്ക്കുകയറ്റി മൈനർ റിപ്പയർ ജോലികൾ ചെയ്യാൻ സാധിക്കുന്നുണ്ട്. കൂടാതെ രണ്ടുകോടി രൂപ ചെലവിൽ ആധുനിക രീതിയിലുള്ള പുതിയ യാർഡ് ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ബോട്ടുകൾക്ക് കേടുപാടുകൾ മൂലമുണ്ടാകുന്ന സർവ്വീസ് മുടക്കം ഒഴിവാക്കുന്നതിനായി ആലപ്പുഴ, പാണാവള്ളി, വൈക്കം, കൊല്ലം എന്നീ സ്റ്റേഷനുകളിൽ സ്പെയർ ബോട്ടുകൾ നൽകിയിട്ടുണ്ട്. മറ്റ് സ്റ്റേഷനുകളിലും സ്പെയർ ബോട്ട് നൽകി സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം 8 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളുമടക്കം പതിനെട്ട് ബോട്ടുകൾ പുതിയതായി സർവ്വീസിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ 6 പുതിയ സ്റ്റീൽ ബോട്ടുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. സ്വകാര്യ ബോട്ടുകൾക്ക് അംഗീകാരം നൽകുന്നതും സുരക്ഷാ പരിശോധന

നടത്തുന്നതും ഇറിഗേഷൻ വകുപ്പാണ്. ആറുമാസത്തിലൊരിക്കൽ ജലസേചന വകുപ്പിനുകീഴിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സും/ഇൻസ്പെക്ടർ ഓഫ് ബോട്ട്സും ജീവൻ സുരക്ഷാ ഉപകരണങ്ങളും ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളും സ്വകാര്യ ബോട്ടുകളിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ജലസേചന വകുപ്പിന്റെ കീഴിലുള്ള കനാൽ ഓഫീസർമാരും ഇടയ്ക്കിടെ ഈ ബോട്ടുകൾ പരിശോധിച്ച് ജീവൻ സുരക്ഷാ ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ബോട്ടുജെട്ടികളുടെ നിർമ്മാണവും നവീകരണവും ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിലാണ് നടക്കുന്നത്. ഉൾനാടൻ ജലപാതവകുപ്പിന്റെ കീഴിൽ 12-ാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, ജില്ലകളിൽ ബോട്ടുജെട്ടികളുടെ പണികൾ നടന്നുവരുന്നു. കൊല്ലം ഭാഗത്ത് 64 ബോട്ടുജെട്ടികളുടേയും ആലപ്പുഴ ജില്ലയിൽ 8 ബോട്ടുജെട്ടികളുടേയും കോട്ടയം ജില്ലയിൽ 10 ബോട്ടുജെട്ടികളുടേയും എറണാകുളം ജില്ലയിൽ 7 ബോട്ടുജെട്ടികളുടേയും 11 ലാൻഡികളുടേയും കണ്ണൂരിൽ 3 ബോട്ടുജെട്ടികളുടേയും നിർമ്മാണം പൂർത്തിയായി. ബോട്ട് സർവ്വീസ്, ഉൾനാടൻ ജലഗതാഗതം, ബോട്ടുകളുടെ സുരക്ഷ എന്നിവയെല്ലാം ഒരു മന്ത്രാലയത്തിന്റെ കീഴിൽ കൊണ്ടുവരുന്ന കാര്യം ഗൗരവമായി പഠിച്ച് ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. ഉൾനാടൻ ജലഗതാഗതത്തിന് ഏറ്റവും കൂടുതൽ സാധ്യതയുള്ള എറണാകുളം ജില്ലയിൽ നിന്നും സമർപ്പിച്ച പദ്ധതികൾക്ക് കേന്ദ്ര അംഗീകാരം വാങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ദേശീയ ജലപാത പദ്ധതിയിലുൾപ്പെടുത്തി ചരക്കുകടത്തിനായി കാർഗോ സർവ്വീസുകൾ ആരംഭിക്കുന്നതിനും റോഡ് ഗതാഗതത്തിന് സമാന്തരമായി

ജലഗതാഗതം വ്യാപകമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ജലപാതയുടെ സൗകര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം റോഡ് ഗതാഗതത്തിന്റെ നാലിലൊന്ന് ചെലവിൽ ജനങ്ങൾക്ക് യാത്ര ചെയ്യാനുള്ള സൗകര്യം ഒരുക്കുന്നതിനും കഴിയുന്ന തിരുവനന്തപുരം-കൊല്ലം ജലപാത രണ്ടുകൊല്ലത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുസംബന്ധിച്ച് ചില പ്രദേശങ്ങളിലുണ്ടായിട്ടുള്ള തടസ്സങ്ങൾ പരിഹരിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഉൾനാടൻ പ്രദേശങ്ങളിലും മറ്റ് എവിടെയെങ്കിലും ബോട്ട് ബ്രേക്ഡൗൺ ആയാൽ യഥാസമയം സ്പെയർ ബോട്ട് എത്തിക്കുന്നതിനും ജനങ്ങൾക്ക് യാത്രാക്ലേശമുണ്ടാകാത്ത തരത്തിൽ സർവ്വീസ് നടത്തുന്നതിനും സൗകര്യപ്രദമായ നടപടികളാണ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കൊല്ലം-കടപ്പുഴ ജലഗതാഗത സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. വൈപ്പിൻ -മട്ടാഞ്ചേരി സർവ്വീസ്, കൊറ്റി-കോട്ടപ്പുറം സർവ്വീസ്, വരാപ്പുഴയിൽ നിന്ന് എറണാകുളത്തേയ്ക്കും തൃപ്പൂണിത്തുറയിൽ നിന്ന് എറണാകുളത്തേയ്ക്കുമുള്ള സ്പീഡ് ബോട്ട് സർവ്വീസ് എന്നിവ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തുന്ന ഫൈബർബോട്ട് നിയന്ത്രണംവിട്ട് നടക്കുന്നതുസംബന്ധിച്ചും ചെങ്ങന്നൂരിൽ നിന്നും എറണാകുളത്തേയ്ക്കും തിരിച്ചും നടത്തിയിരുന്ന ബോട്ട് സർവ്വീസ് നിറുത്തലാക്കിയതുസംബന്ധിച്ചും ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ മാന്നാനം പ്രദേശത്ത് സർവ്വീസ് നടത്തുന്ന ബോട്ട് മറ്റു പ്രദേശങ്ങളിലേയ്ക്ക് മാറ്റിക്കൊടുക്കുന്നതു സംബന്ധിച്ചും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കോട്ടപ്പുറം-പൊന്നാനി ജലപാത കടന്നുപോകുന്ന കനോലികനാലിലെ കയ്യേറ്റം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും പാർവ്വതി പുത്തനാറിനു സമീപം വള്ളക്കടവിലുണ്ടാക്കിയിട്ടുള്ള ബോട്ട് ഹൗസിൽ നിന്നും വർക്കലയിലേയ്ക്കും കോവളത്തേയ്ക്കും താൽക്കാലിക സർവ്വീസ് നടത്തുന്നതുസംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണെന്നും ആർ.ഡി.ഒ. ലവലിലുള്ള ഉദ്യോഗസ്ഥരുടേയോ പഞ്ചായത്ത് അധികൃതരുടേയോ മേൽനോട്ടത്തിൽ വേമ്പനാട്ടു കായലിലെ മണ്ണെടുക്കുന്നതിന് അനുവാദം നൽകി ബോട്ട് സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

20 (*153) <u>നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ചെലവ് കുറഞ്ഞ നിർമ്മാണ സാമഗ്രികളുടെയും നിർമ്മാണ സാങ്കേതിക വിദ്യ കളുടെയും വ്യാപനം ലക്ഷ്യമാക്കി കുറഞ്ഞ വിലയ്ക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനായി കലവറ ന്യായവില വിപണന കേന്ദ്രങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ കേന്ദ്രത്തിലും, തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഈ മൂന്ന് റിജിയണൽ കേന്ദ്രങ്ങളുടെ ഗവേണിംഗ് ബോഡിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെക്കൂടി ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വനം വകുപ്പിന്റെയും സംസ്ഥാന

നിർമ്മിതി കേന്ദ്രത്തിന്റെയും സംയുക്ത സംരംഭമായി കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിൽ കലവറ മണൽ ഡിപ്പോ ആരംഭിക്കുകയും അവിടെ നിന്നും 600 സ്ക്വയർ ഫീറ്റുവരെയുള്ള വീട് നിർമ്മിക്കുന്ന ദാരിദ്രരേഖയ്ക്ക് താഴെയു ളളവർക്ക് യാതൊരു ലാഭമെടുക്കാതെയും, മുതൽ 2000 സ്ക്വയർ ഫീറ്റ് വരെയുള്ള വീട് നിർമ്മിക്കുന്നവർക്ക് പത്തുശതമാനം ലാഭമെടുത്തും മണൽ നൽകി വരുന്നു. കലവറ വിപണന കേന്ദ്രങ്ങൾക്ക് സാധാരണ ജനങ്ങളുടെ ഇടയിൽ ലഭിച്ച സ്വീകാര്യതയുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും സംസ്ഥാന-ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ സംയുക്തമായി കലവറ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സിമന്റ്, കമ്പി, ഹോളോബ്രിക്സ്, പിടിച്ചെടുക്കപ്പെടുന്ന മണൽ എന്നിവയാണ് ഇപ്പോൾ കലവറ വഴി ന്യായവിലയ്ക്ക് വിൽക്കുന്നത്. കലവറ വഴി വെട്ടുകല്ല് വിൽക്കുന്നകാര്യം പരിശോധിക്കുന്നതാണ്. നൂതന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ചെലവുകുറഞ്ഞതും പാരിസ്ഥിതിക സൗകര്യമുള്ളതുമായ വീടുകൾ നിർമ്മിക്കാനാണ് നിർമ്മിതി കേന്ദ്രം ശ്രമിക്കുന്നത്. നിലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ 7 ഉല്പാദനശാലകൾ പ്രവർത്തിച്ചുവരികയും ഇവയിൽ കഴിഞ്ഞ രണ്ട് വർഷമായി 3 ഉല്പാദനശാലകൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പുതിയതായി രണ്ട് ഉല്പാദനശാലകളും, ഇന്റർ ലോക്കിങ്ങ് ബ്രിക്സ് നിർമ്മാണത്തിനുള്ള ഒരു യൂണിറ്റും പ്രാവർത്തിക മാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. നിർമ്മാണ സാങ്കേതിക വിദ്യയുടെ വ്യാപനം ലക്ഷ്യമാക്കി ഈ നൂതന സാങ്കേതിക വിദ്യയിൽ പരിശീലനവും നൽകി വരുന്നു. ചെലവു കുറഞ്ഞ ഭവനനിർമ്മാണം ലക്ഷ്യമാക്കി എല്ലാ സെന്ററുക ളിലും ഹൗസിംഗ് ഗൈഡൻസ് സെന്റർ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

നിർമ്മാണത്തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനായി നടത്തിയ ഹ്രസ്വകാല കോഴ്സുകളിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 1743 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം 50 പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതിൽ 1000 പേർക്ക് പരിശീലനം നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ തുടർ പദ്ധതി എന്ന നിലയിൽ പരിശീലന പരിപാടികൾ ഇപ്പോഴും നടന്നുവരുന്നു. കാർപ്പെന്ററി, സ്മിത്തി തുടങ്ങിയ കോഴ്സുകളിൽ പരിശീലനം നൽകുന്നതിന് എൻ.സി.വി.ടി.യുടേയും മറ്റും അംഗീകാരം നേടിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറെ വർഷമായി പ്രവർത്തനക്ഷമമല്ലാതിരുന്ന നിർമ്മിതി കേന്ദ്രം ഇപ്പോൾ പുത്തനുണർവ്വോടുകൂടി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പട്ടുവത്തെ സ്ഥലം എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണ്. നിർമ്മിതി കേന്ദ്രങ്ങൾക്ക് എല്ലാ പ്രവൃത്തിയും ചെയ്യാനുള്ള വിഭവശേഷിയില്ലാത്തതുകൊണ്ട് ഗുണനിലവാരത്തിൽ വീഴ്ച വരുത്താതെ പല കേന്ദ്രങ്ങളിലും സബ് കോൺട്രാക്ട് കൊടുക്കുന്നുണ്ട്. നിർമ്മിതി കേന്ദ്രങ്ങളുടെ പണിയിൽ എന്തെങ്കിലും കുറ്റങ്ങൾ കണ്ടാൽ ഉത്തരവാദപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. ധനകാര്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് നിർമ്മിതി കേന്ദ്രത്തിലെ റേറ്റ് വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുന്നതാണെന്നും ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിക്കൊടുക്കുന്നതുപോലുള്ള സേവനങ്ങൾ സമൂഹത്തിലെ പാവപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കുന്നതിന് നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തുചെയ്യാൻ കഴിയുമെന്നുള്ളത് ശ്രദ്ധാപൂർവ്വം

പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1259 മുതൽ 1448 വരെയുള്ള ചോദ്യങ്ങളിൽ 141 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)